LIBRARY ARCHIVES Kerala Legislative Assembly

സി.എം.ഡി.ആർ.എഫ്. അപേക്ഷകൾ

88(92) ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ സി.എം.ഡി.ആർ.എഫ്. അപേക്ഷകർക്ക് മുഖ്യമന്ത്രി ധനസഹായം അനുവദിച്ചുവെങ്കിലും നാളിതുവരെ അപേക്ഷ നമ്പരുകൾ സി.എം.ഡി.ആർ.എഫ്. നമ്പർ 30576 തീയതി 13-6-2014, 34676 തീയതി 11-10-2013, 52499 തീയതി 11-11-2014, 15179, 15177 തീയതി 23-5-2014 എന്നിവ പ്രകാരം ബന്ധപ്പെട്ട വ്യക്തികൾക്ക് ധന സഹായം ലഭിക്കുന്നതിലുണ്ടായ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അപേക്ഷയിൽ ആവശ്യമായ രേഖകൾ സമർപ്പിച്ചുവെങ്കിലും ധന സഹായം അനുവദിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഇവർക്ക് ധന സഹായം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കുമോ ; ഇവരുടെ അപേക്ഷയിൽ എന്തെങ്കിലും പോരായ്മയുണ്ടായിട്ടുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ചില അപേക്ഷകർ യഥാസമയം സമർപ്പിക്കാത്തതിനാലാണ് ധന സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളത്.

(ബി&സി) എല്ലാ അപേക്ഷകർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു*.

ജനസമ്പർക്ക പരിപാടി

89 (93) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി 2015-ൽ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ഓരോ ജില്ലയിലും എത്ര പരാതികൾ ലഭിച്ചുവെന്ന് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.